# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 04.07.2026

## പ്രധാനവാർത്തകൾ

1. രാജ്യത്തിന്റെ വ്യോമയാന, ഊർജ്ജ മേഖലകൾക്ക് കരുത്തുപകരുന്ന വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജസ്ഥാനിൽ തുടക്കം കുറിച്ചു

2. ഇന്ന് അന്താരാഷ്ട്ര സഹകരണ ദിനം. സഹകരണ സ്ഥാപനങ്ങൾ രാഷ്ട്ര നിർമ്മാണത്തിൻറെ സുപ്രധാന സ്തംഭമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. കേരളത്തിലും വിപുലമായ പരിപാടികൾ.

3. ആദിവാസി ക്ഷേമത്തിനായി അനുവദിക്കുന്ന ഫണ്ടുകൾ അർഹരിലേക്ക് എത്തുന്നതിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുമെന്ന് മന്ത്രി കെ.എ തുളസി.

4. സംസ്ഥാനത്ത് മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് മന്ത്രി കെ. മുരളീധരൻ. ആശങ്കപ്പെടേണ്ട രോഗാവസ്ഥ ഇല്ലെന്നും മന്ത്രി.

5. സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ലോകകപ്പ് ഫുട്ബോളിൽ പ്രീക്വാർട്ടർ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. കൊളംബിയയും അർജന്റീനയും പ്രീക്വാർട്ടറിൽ.

&&&&&&&&&&&&&&&&

PNU TVPM

## പി.എം - രാജസ്ഥാൻ, ഗുജറാത്ത്

രാജസ്ഥാനിലെ ജോധ്പൂർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യു. പ്രതിവർഷം 20 ലക്ഷം യാത്രക്കാർക്ക് സൗകര്യമൊരുക്കുന്ന തരത്തിൽ, 23,000 ചതുരശ്ര മീറ്ററിലധികം വിസ്തൃതിയിലാണ് ടെർമിനൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. രാജ്യത്തിന്റെ സിവിൽ ഏവിയേഷൻ മേഖലയിൽ സുപ്രധാന കുതിച്ചുചാട്ടം അടയാളപ്പെടുത്തുന്ന പരിഷ്കരിച്ച 'ഉഡാൻ' പദ്ധതിക്കും ജോധ്പൂരിൽ ശ്രീ. മോദി തുടക്കംകുറിച്ചു. വൈകുന്നേരം ഗുജറാത്തിലെത്തുന്ന ശ്രീ മോദി, സാനന്ദിലെ സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റ് ഫെസിലിറ്റി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി - സഹകരണ ദിനം

RNU TVPM

അന്താരാഷ്ട്ര സഹകരണ ദിനമായ ഇന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും കേന്ദ്ര സഹകരണ മന്ത്രി അമിത് ഷായും ആശംസകൾ നേർന്നു. സ്വാതന്ത്ര്യത്തിനു മുമ്പുള്ള കാലഘട്ടത്തിൽ ആരംഭിച്ച സഹകരണ സ്ഥാപനങ്ങൾ രാഷ്ട്രനിർമ്മാണത്തിന്റെ ഒരു സുപ്രധാന സ്തംഭമായി പരിണമിച്ചുവെന്നും,വികസിത് ഭാരത് 2047 എന്ന ദർശനത്തിന് സംഭാവന നൽകിവരുന്നെന്നും ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുടെ സംസ്കാരത്തിന്റെയും കൂട്ടായ ശക്തിയുടെയും സ്വാശ്രയത്വത്തിന്റെയും അടിത്തറ സഹകരണ പ്രസ്ഥാനമാണെന്ന് ശ്രീ അമിത് ഷാ പറഞ്ഞു.

&&&&&&&&&&&&&&&&&&

## സഹകരണ ദിനാഘോഷം-മന്ത്രി എം. ലിജു

കൃത്യമായ ദിശാബോധത്തിന്റെയും നയത്തിന്റെയും അടിസ്ഥാനത്തിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി എം. ലിജു.

സംസ്ഥാനതല സഹകരണ ദിനാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിൽ മൂന്നര ലക്ഷം കോടി രൂപയുടെ ബിസിനസ് സഹകരണ മേഖലയിൽ നടക്കുന്നുണ്ട്. സഹകരണ സംഘങ്ങൾ ശക്തിപ്പെട്ടാൽ സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയ്ക്ക് കുതിച്ചു ചാട്ടം ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&**

<u>പാലക്കാട് - (ഇൻട്രോ)</u>

സബ്സിഡിയോടുകൂടിയ രാസവളങ്ങളുടെ വിതരണം കൂടുതൽ കാര്യക്ഷമവും കർഷകസൗഹൃദവുമാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ ഡിജിറ്റൽ സംവിധാനത്തിന് പാലക്കാട് തുടക്കമായി. സംസ്ഥാനത്ത് പാലക്കാടിന് പുറമെ ആലപ്പുഴ ജില്ലയിലും ആദ്യഘട്ടമായി സംവിധാനം നടപ്പാക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

**(വോയ്സ്)**

RNU TVPM

**&&&&&&&&&&&&&&&&**

<u>കെ.മുരളീധരൻ</u>

മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതായും സംസ്ഥാനത്ത് ആശങ്കപ്പെടേണ്ട രോഗാവസ്ഥ ഇല്ലെന്നും മന്ത്രി കെ. മുരളീധരൻ. നിപ ഉറവിടം സംബന്ധിച്ച കാര്യങ്ങൾക്ക് വിഗദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് കാത്തിരിക്കുന്നുവെന്നും മന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. ഫെബ്രുവരി മുതൽ നടത്തേണ്ട മഴക്കാല പൂർവ ശുചീകരണം നടത്തിയിട്ടില്ല. എല്ലാവരുടെയും ഇടപെടലിൽ പകർച്ചവ്യാധി പിടിച്ചുകെട്ടാനായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

<u>മന്ത്രി കെ. എ. തുളസി</u>

സംസ്ഥാനത്ത് ആദിവാസി ക്ഷേമത്തിനായി അനുവദിക്കുന്ന ഫണ്ടുകൾ കൃത്യമായി അർഹരിലേക്ക് എത്തുന്നതിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുമെന്ന് മന്ത്രി

കെ.എ തുളസി. കൊല്ലം അച്ചൻകോവിലിൽ ദുരിതം നേരിടുന്ന ആദിവാസി കുടുംബത്തെ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. ആദിവാസി കുടുംബം നേരിടുന്ന ദുരിതത്തിൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി വകുപ്പിന് നിർദേശം നൽകി.

&&&&&&&&&&&&&&&&

## പ്രതിപക്ഷ നേതാവ് - പിണറായി വിജയൻ

വിഴിഞ്ഞം തുറമുഖത്തിൻറെ ഓഹരി കൈമാറ്റ നീക്കത്തിനെതിരെ പ്രതിപക്ഷം നിയമപരമായും രാഷ്ട്രീയപരമായും മുന്നോട്ടു പോകുമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാനുള്ള അടിയന്തര നടപടികളിലേക്ക് സർക്കാർ കടക്കണമെന്നും കൈമാറ്റത്തിന്റെ ആവശ്യകത പരിശോധിക്കാൻ സംസ്ഥാന സർക്കാരിന് അവകാശമുണ്ടെന്നും പിണറായി വിജയൻ പറഞ്ഞു. അദാനി ഗ്രൂപ്പ് സെബിക്ക് നൽകിയ അപേക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

RNU TVPM

&&&&&&&&&&&&&&&&

## വരൾച്ച നേരിടുന്നതിന് സമഗ്ര പദ്ധതി

മഴക്കുറവിനെ തുടർന്ന് ഉണ്ടായേക്കാവുന്ന വരൾച്ച നേരിടുന്നതിന് സംസ്ഥാനത്ത് ആദ്യമായി സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നു. എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കണ്ണൂരിലാണ് പദ്ധതിക്ക് തുടക്കമിടുന്നത്. വരൾച്ചാ ഭീഷണി നേരിടുന്ന ഓരോ സ്ഥലത്തിനും അനുയോജ്യമായ പദ്ധതിയാണ് തയ്യാറാക്കേണ്ടതെന്ന് വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ശില്പശാലയിൽ ജില്ലാ കലക്ടർ പി വിഷ്ണുരാജ് പറഞ്ഞു.

&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി - വിവേകാനന്ദൻ

സ്വാമി വിവേകാനന്ദന്റെ ചരമവാർഷികത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഇന്ത്യയുടെ നാഗരിക അവബോധത്തെ പുനരുജ്ജീവിപ്പിച്ച സ്വാമി വിവേകാനന്ദൻ രാജ്യത്തിന്റെ കാലാതീതമായ ജ്ഞാനം ലോകത്തിന് എത്തിച്ചുവെന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ പങ്കുവെച്ച പോസ്റ്റിൽ കുറിച്ചു.

**&&&&&&&&&&&&&&&&&&**

## ഫിഫ ലോകകപ്പ് ഫുട്ബോൾ (ഇൻട്രോ)

ലോകകപ്പ് ഫുട്ബോളിൽ ഇന്ന് പുലർച്ചെ, എക്സ്ട്രാ ടൈമിലേക്ക് നീണ്ട ഇഞ്ചോടിഞ്ചു പോരാട്ടത്തിൽ കാബോ വെർദെ-യെ രണ്ടിനെതിരെ 3 ഗോളിന് പരാജയപ്പെടുത്തി അർജന്റീന പ്രീക്വാർട്ടറിൽ പ്രവേശിച്ചു. ഘാനയെ എതിരില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തി കൊളംബിയയും പ്രീക്വാർട്ടറിൽ എത്തി.ലോകകപ്പിൽ ഈ വർഷം ആകെയുള്ള 104 മത്സരങ്ങളിൽ 88 എണ്ണം പൂർത്തിയായപ്പോൾ അവശേഷിക്കുന്നത് 16 വമ്പന്മാർ. പ്രീക്വാർട്ടർ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും.
**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.... (വോയ്സ്)**

RNU TVPM

**&&&&&&&&&&&&&&&&&&**

## ടി-20 ക്രിക്കറ്റ്

ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ട്വൻറി-20 ക്രിക്കറ്റ് മത്സരം ഇന്ന് നടക്കും. രാത്രി ഏഴിന് മാഞ്ചസ്റ്ററിലാണ് മത്സരം. അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

**&&&&&&&&&&&&&&&&&&**

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള 11 ജില്ലകളില് ഇന്ന് ഒറ്റപ്പെട്ട

ശക്തമായ മഴ സൂചിപ്പിക്കുന്ന മഞ്ഞ ജാഗ്രതയാണ്. നാളെ മലപ്പുറം മുതൽ തെക്കോട്ടുള്ള ജില്ലകളിൽ മഴയുടെ ശക്തി കുറയുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.

**&&&&&&&&&&&&&&&&&&**

കണ്ണൂർ - മഴ നാശം

കണ്ണൂർ ജില്ലയിൽ തുടർച്ചയായി പെയ്യുന്ന കനത്ത മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. താഴ്ന്ന പ്രദേശങ്ങളിൽ പലയിടത്തും വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുണ്ട്. മരം വീണും മറ്റും എട്ടു വീടുകൾ ഭാഗികമായി തകർന്നതായാണ് കണക്ക്. നെടുംപൊയിൽ - മാനന്തവാടി റോഡിൽ ഇരുപത്തിയെട്ടാം മൈലിന് സമീപം ഇന്നലെ രാത്രി മരം വീണ് ഗതാഗതം തടസപ്പെട്ടു. അഗ്നി രക്ഷാ സേന മരം മുറിച്ചുമാറ്റിയാണ് ഗതാഗതം പുനസ്ഥാപിച്ചത്.

**&&&&&&&&&&&&&&&&&&**

RNU TVPM

ഇടുക്കി - മൂന്നാർ (ഇൻട്രോ)

മൂന്നാറിലെ വനമേഖലകളിൽ സ്വാഭാവിക പുൽമേടുകൾ തിരിച്ചുപിടിക്കാനുള്ള വനംവകുപ്പിന്റെ ഹരിത പദ്ധതി വിജയകരമായി പുരോഗമിക്കുന്നു. കേന്ദ്ര സർക്കാരിന്റെയും നബാർഡിന്റെയും ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട് ....... (വോയ്സ്)**

**&&&&&&&&&&&&&&&&&&**

വൈദ്യുതി മന്ത്രി

വൈദ്യുതി മേഖലയിലെ വിതരണ, ഉൽപ്പാദന, പ്രസരണ പ്രയാസങ്ങൾ പരിഹരിച്ച് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് മന്ത്രി സണ്ണി ജോസഫ്. എറണാകുളം, ഇടുക്കി ജില്ലകളിലെ ജനപ്രതിനിധികളുടെയും മുതിർന്ന കെഎസ്ഇബി ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ

വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വൈദ്യുതി ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകാനും യോഗം നിർദ്ദേശിച്ചു.

**&&&&&&&&&&&&&&&&&**

**<u>ബോട്ടപകടം മരണം</u>**

തൃശ്ശൂർ നെടുപുഴയിൽ കോൾപാടത്ത് ബോട്ട് മുങ്ങി കാണാതായ രണ്ടുപേരുടെയും മൃതദേഹം കണ്ടെത്തി. നെടുപുഴ സ്വദേശിയുടെയും സുഹൃത്തിൻറെയും മൃതദേഹമാണ് കണ്ടെത്തിയത്. അഞ്ചു പേരാണ് ബോട്ടിൽ ഉണ്ടായിരുന്നത്. മൂന്നുപേർ നീന്തിക്കയറിയെങ്കിലും രണ്ടുപേരെ കാണാതാവുകയായിരുന്നു.

**&&&&&&&&&&&&&&&&&**

**<u>മന്ത്രി മോൻസ് ജോസഫ്</u>**

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സയൻസ് സിറ്റിയുടെ ശേഷിക്കുന്ന നിർമാണപ്രവൃത്തികൾ ഒറ്റഘട്ടമായി പൂർത്തിയാക്കാനാണ് സർക്കാർ ആലോചിക്കുന്നതെന്നും ഇതിനായി മുഖ്യമന്ത്രി കൂടി പങ്കെടുക്കുന്ന ഉന്നതതലയോഗം ചേരുമെന്നും മന്ത്രി മോൻസ് ജോസഫ് അറിയിച്ചു. കുറവിലങ്ങാട് സയൻസ് സിറ്റി നാടിനു സമർപ്പിച്ചതിന്റെ ഒന്നാം വാർഷികാഘോഷം സയൻസ് സിറ്റി ഓഡിറ്റോറിയത്തിൽ ചേർന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&&&&&&&&**

PRIUTVPM